കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തി വികസനം - കൂത്തുപറമ്പ് നിയോജകമണ്ഡലം ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം.2685/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 03.08.2017.**

---

വായന :-
1) 11/06/2012 ലെ സ.ഉ (അച്ചടി) 332/12/ധന നമ്പർ ഉത്തരവ്
2) 3/6/2014 ലെ സർക്കുലർ നം 54/14/ധന
3) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 23/06/2017 ലെ ഡിബി5/2693/സിഇ/ തസ്വഭവ(8) നമ്പർ കത്ത്
4) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ 30.12.2017 ലെ എം.എൽ.എ യുടെ കത്ത്

**<u>ഉത്തരവ്</u>**

കൂത്തുപറമ്പ് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീമതി കെ.കെ. ശൈലജ ടീച്ചർ എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പതിനാറ് സ്ഥലങ്ങളിൽ ഹൈമാസ്റ്റ്/ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തിക്ക് ആകെ അടങ്കൽ തുകയായ 76,02,000/- രൂപയുടെ ഭരണാനുമതി ലഭിക്കുന്നതിന് മുകളിൽ മൂന്നാമതായി വായിച്ച കത്തുപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൂത്തുപറമ്പ് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ നിന്നും കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പതിനാറ് സ്ഥലങ്ങളിൽ ഹൈമാസ്റ്റ്/ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ 76,02,000/- രൂപയ്ക്ക് (എഴുപത്തിയാറ് ലക്ഷത്തി രണ്ടായിരം രൂപാ മാത്രം) വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവും പാലിക്കണമെന്ന വ്യവസ്ഥയോടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) ആയതു സംബന്ധിച്ച ചെലവ് '4515-00-800-96- പ്രോജക്ട്സ് അണ്ടർ എൽ . എ . സി - എ . ഡി . എസ് ' എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ എം.എൽ.എ (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.

സെക്രട്ടറി, ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (അനൗദ്യോഗിക കത്ത് നം. 945/എൻ.സി.സി.3/2017/ധന തീയതി 18.07.2017)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ